ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.07.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പാരീസ് ഒളിമ്പിക്സിൽ വെങ്കല നേട്ടവുമായി ഇന്ത്യയുടെ മെഡൽ പട്ടിക തുറന്ന് ഷൂട്ടിങ് താരം മനു ഭാക്കർ. അഭിനന്ദനം അറിയിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ.

   **Shooter Manu Bhakar opened India's medal list with a bronze medal at the Paris Olympics. President, Vice President, Prime Minister etc. congratulated.**

2. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ആവേശം രാജ്യമെമ്പാടും ഉയർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി ; ദേശീയപതാകയ്ക്ക് ഒപ്പമുള്ള സെൽഫികൾ ഈ വർഷവും പങ്കു വെക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ.

   **People fervour for the 'Har Ghar Tiranga Abhiyan' remains high in the entire country, says PM Modi; PM appeals Citizens To Resume 'Har Ghar Tiranga' Campaign.**

3. ടോക്കിയോയിൽ നടക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് പങ്കെടുക്കും.

   **External Affairs Minister S Jaishankar to attend the Quad Foreign Ministers′ meeting in Tokyo today.**

4. വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സുപ്രീം കോടതി സംഘടിപ്പിക്കുന്ന പ്രത്യേക ലോക് അദാലത്തിന് ഇന്ന് തുടക്കം.

   **The Supreme Court to organise a Special Lok Adalat week from today to commemorate its 75th anniversary.**

5. ഇന്ന് ലോക ഒ.ആർ.എസ്. ദിനം ; ദിനാചരണത്തിന്റേയും 'സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിന്റേയും സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും.

   **World ORS Day is being celebrated today ; Minister Veena George to inaugurate the ORS Day events and the 'Stop Diarrhea Campaign' in Kerala.**

6. ഇന്ത്യ - ശ്രീലങ്ക പുരുഷ ടി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

   **India seals the men's T-20 series against Sri Lanka.**

**********************************

## HEADLINE-1
## OLYMPIC MANU BHAKER

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ മെഡൽ പട്ടിക തുറന്ന് ഷൂട്ടിങ് താരം മനു ഭാക്കർ. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിലാണ് മനു ഭാക്കർ വെങ്കല മെഡൽ നേടിയത്. ഷൂട്ടിങ്ങിൽ ഇന്ത്യയ്ക്ക് വേണ്ടി ഒളിമ്പിക് മെഡൽ നേടുന്ന ആദ്യ വനിത എന്ന ചരിത്രനേട്ടം കൂടി മനു സ്വന്തമാക്കി. മെഡൽ നേട്ടത്തിൽ സന്തോഷം ഉണ്ടെന്നും, തന്നെ പിന്തുണച്ച ലോകമെമ്പാടുമുള്ള ഇന്ത്യാക്കാർക്ക് നന്ദിയറിയിക്കുന്നതായും മനു ഭാക്കർ ആകാശവാണിയോട് പ്രതികരിച്ചു.

**********************************

## HEADLINE-1A
## PREZ PM - MANU BHAKAR

ഒളിമ്പിക്സിൽ വെങ്കലം നേടിയ മനു ഭാക്കറിനെ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അഭിനന്ദിച്ചു. മനു ഭാക്കറിന്റെ നേട്ടം നിരവധി കായിക താരങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രചോദനമാകുമെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്ത്യക്ക് വേണ്ടി ഷൂട്ടിംഗിൽ മെഡൽ നേടുന്ന ആദ്യ വനിതയെന്ന ചരിത്ര നേട്ടമാണിതെന്നും ഈ വിജയം കൂടുതൽ അഭിമാനം നൽകുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവരും മനു ഭാക്കറിനെ അഭിനന്ദിച്ചു.

***********************************

## OLYMPICS (INTRO)

പാരീസ് ഒളിമ്പിക്സിന്റെ മൂന്നാം ദിനമായ ഇന്നും ഷൂട്ടിങ്ങിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യ പൊരുതാനിറങ്ങും. ഇന്നലെ നടന്ന മത്സരങ്ങളിൽ ഇന്ത്യൻ കായിക താരങ്ങൾ പൊതുവെ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്. റോയിങ്ങിൽ ബൽരാജ് പൻവാർ പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഇനത്തിൽ റെപ്പെഷാജ് റൗണ്ടിൽ രണ്ടാമതെത്തി അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടി. എന്നാൽ ഇന്നലെ നടന്ന നീന്തൽ മത്സരങ്ങളിൽ ഇന്ത്യക്ക് മുന്നേറാനായില്ല.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണിക്ക് വേണ്ടി പാരിസിൽ നിന്നും വി.ശിവകുമാർ......**

(വോയിസ്)

***********************************

## HEADLINE-2

## MKB- HAR GHAR TIRANGA

സമീപ വർഷങ്ങളിൽ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയുടെ ആവേശം രാജ്യമെമ്പാടും ഉയർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ വർഷവും ദേശീയപതാകയ്ക്കൊപ്പമുള്ള സെൽഫികൾ 'harghartiranga.com' ൽ പങ്കു വക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആഗസ്റ്റ് 15 ന് മുന്നോടിയായി വിവിധ നിർദ്ദേശങ്ങൾ MyGov പ്ലാറ്റ്ഫോമിലൂടെയും, NaMo ആപ്പിലൂടെയും അയക്കാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ കഴിയുന്നത്ര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

***********************************

## HEADLINE-3

## QUAD MEETING

ടോക്കിയോയിൽ നടക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ ഇന്ന് പങ്കെടുക്കും. രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെയാണ് അദ്ദേഹം ജപ്പാൻ തലസ്ഥാനമായ ടോക്കിയോയിലെത്തിയത്. ഇന്ത്യയ്ക്ക് പുറമെ ഓസ്ട്രേലിയ ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഉന്നത നയതന്ത്രജ്ഞരും യോഗത്തിൽ പങ്കെടുക്കും. ക്വാഡ് ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും നേട്ടങ്ങൾ വിലയിരുത്തുന്നതിനും സംഗമം വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. സുതാര്യവും സുസ്ഥിരവുമായ ഇന്തോ-പസഫിക് മേഖലയെ പിന്തുണയ്ക്കുന്നതിനുള്ള നാല് രാജ്യങ്ങളുടെ നയതന്ത്ര പങ്കാളിത്തമാണ് ക്വാഡ്.

***********************************

## JAISHANKAR BLINKEN

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ ഇന്നലെ ടോക്യോയിൽ കൂടിക്കാഴ്ച നടത്തി. നിരവധി പ്രാദേശിക - ആഗോള വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു. ഇന്ത്യ - അമേരിക്ക ഉഭയകക്ഷി ബന്ധം മികച്ച നിലയിൽ പുരോഗമിക്കുന്നതായും ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഏറെ പ്രതീക്ഷയോടെ നോക്കി കാണുന്നതായും വിദേശകാര്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************************

## DELHI LG - STUDENTS DEATH

ദേശീയ തലസ്ഥാനത്ത് ഓൾഡ് രാജേന്ദ്ര നഗർ പ്രദേശത്തെ 13 സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളുടെ ബേസ്മെന്റുകൾ ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ സീൽ ചെയ്തു. സെൻട്രൽ ഡൽഹിയിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അടിത്തട്ടിൽ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥികൾ മരിച്ചതിനെ തുടർന്നാണ് നടപടി. സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. അപകടത്തിൽ ഡൽഹി ലഫ്റ്റനന്റ് ഗവർണർ വിനയ്കുമാർ സക്സേനയും അതീവ ദുഃഖം രേഖപ്പെടുത്തി. വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം ഡിവിഷണൽ കമ്മിഷണറോട് നിർദേശിച്ചു. ജെ.എൻ യു ഗവേഷണ വിദ്യാർത്ഥിയായ എറണാകുളം സ്വദേശി നവീൻ ഡെൽവിനാണ് മരിച്ച മലയാളി. തെലങ്കാന, ഉത്തർപ്രദേശ് സ്വദേശികളായ പെൺകുട്ടികളാണ് മരിച്ച് മറ്റ് രണ്ട് പേർ. സംഭവത്തിൽ കോച്ചിംഗ് സെന്റർ ഉടമയെ പോലീസ് കസ്റ്റഡിയിലെടുത്തു. അപകടത്തെ തുടർന്ന് വിദ്യാർത്ഥി സംഘടനകൾ ഓൾഡ് രജീന്ദർ നഗറിൽ പ്രതിഷേധിച്ചു.

***********************************

## NCW-DELHI STUDENT DEATH

ന്യൂഡൽഹി കോച്ചിംഗ് സെന്റർ ദുരന്തത്തിൽ ദേശീയ വനിതാ കമ്മീഷൻ ഇടപെടൽ. അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനുള്ള പരാതികൾ അവഗണിച്ചെന്ന ആരോപണങ്ങൾ ആശങ്കാജനകമാണെന്ന് വനിതാ കമ്മീഷൻ സമൂഹമാധ്യമത്തിലൂടെ അഭിപ്രായപ്പെട്ടു. വിഷയത്തിൽ അടുത്ത മാസം രണ്ടിന് വാദം കേൾക്കുമെന്നും കമ്മീഷൻ അറിയിച്ചു. രജീന്ദർ നഗർ എംഎൽഎ ദുർഗേഷ് പതക്കിനോട് കമ്മീഷന് മുന്നിൽ നേരിട്ട് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

***********************************

## HEADLINE-4
## SC-ANNIVERSARY

വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സുപ്രീം കോടതി സംഘടിപ്പിക്കുന്ന പ്രത്യേക ലോക് അദാലത്ത് ഇന്ന് ആരംഭിക്കും. സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഹരിക്കുക ലക്ഷ്യമിട്ടാണ് അദാലത് സംഘടിപ്പിച്ചിരിക്കുന്നത്. ഒരാഴ്ച നീണ്ടു നിൽക്കുന്ന അദാലത് അടുത്ത മാസം മൂന്നിനാണ് അവസാനിക്കുക. കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ രീതിയിൽ തർക്കങ്ങൾ സൗഹാർദ്ദപരമായി പരിഹരിക്കുന്നതിനാണ് പ്രത്യേക ലോക് അദാലത്ത് ഊന്നൽ നൽകുന്നത്.

***********************************

## NTA- CUET UG

കേന്ദ്ര സർവ്വകലാശാലകളിലേക്കുൾപ്പടെ ബിരുദ പ്രവേശനത്തിനുള്ള കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പതിനഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളാണ് പരീക്ഷക്ക് രജിസ്റ്റർ ചെയ്തിരുന്നത്. ഫലം

സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ദേശീയ പരീക്ഷാ ഏജൻസിയുടെ വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. CUET (UG) ഫലം അനുസരിച്ച് ബന്ധപ്പെട്ട സർവകലാശാലകളും സ്ഥാപനങ്ങളും പ്രത്യേകം റാങ്ക് പട്ടിക പുറത്തു വിടും.

************************************

## PM - BJP CMs MEETING

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായും ഉപമുഖ്യമന്ത്രിമാരുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച നടത്തി. ഇന്നലെ ന്യൂഡൽഹിയിൽ സമാപിച്ച ബിജെപി മുഖ്യമന്ത്രിമാരുടെ ദ്വിദിന യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാർ പദ്ധതികൾ കൂടുതൽ ജനകീയമാക്കുന്നതിനും അതത് സംസ്ഥാനങ്ങളിലെ ഭരണം കൂടുതൽ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ചർച്ച നടന്നു. ഭരണരീതികളും ക്ഷേമപ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നത് ലക്ഷ്യമിട്ടാണ് യോഗം ചേർന്നത്. ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, മുതിർന്ന നേതാക്കളായ രാജ്നാഥ് സിംഗ്, അമിത് ഷാ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

************************************

## HEADLINE-6
## CRICKET-INDIA-SRI LANKA

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ -ശ്രീലങ്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നലെ നടന്ന രണ്ടാം മത്സരത്തിൽ ആതിഥേയരെ 7 വിക്കറ്റിന് പരാജയപ്പെടുത്തിയതോടെ മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ 2 വിജയം നേടി ഇന്ത്യ പരമ്പര നേടുകയായിരുന്നു. ടോസ് നേടി ബൗളിംഗ് തെരഞ്ഞെടുത്ത ഇന്ത്യ അവസാന 5 ഓവറിൽ 7 വിക്കറ്റ് എടുത്താണ് മത്സരത്തിൻറെ ഗതി മാറ്റിയത്. നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ ശ്രീലങ്ക 161 റൺസെടുത്തു. മറുപടി

ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയുടെ ഇന്നിംഗ്സ് മഴ മൂലം തടസ്സപ്പെട്ടു. തുടർന്ന് വിജയലക്ഷ്യം 8 ഓവറിൽ 78 റൺസായി പുനർനിർണയിച്ചു. 9 പന്തുകൾ ബാക്കി നിൽക്കെ ഇന്ത്യ അനായാസം വിജയലക്ഷ്യം മറികടന്നു. പരമ്പരയിലെ അവസാന മത്സരം നാളെ.

***********************************

## HEADLINE-5
## ORS DAY

'സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിന്റേയും' ഒ.ആർ.എസ്. ദിനാചരണത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് ഓൺലൈനായി നിർവഹിക്കും. വയറിളക്കത്തെ തുടർന്നുള്ള നിർജലീകരണം മൂലമുള്ള മരണങ്ങൾ തടയുന്നതിനും രോഗ നിയന്ത്രണത്തിനുമായാണ് 'സ്റ്റോപ്പ് ഡയേറിയ' ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

***********************************

## NIPAH-VEENA GEORGE

നിപ നിയന്ത്രണങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇളവ് വരുത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ മലപ്പുറം കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനം. ഐസൊലേഷനിലുള്ളവർ കൃത്യമായി ക്വാറൻറൈൻ മാർഗനിർദേശങ്ങൾ പാലിക്കണം. മാസ്ക്, സാമൂഹിക അകലം എന്നിവ തുടരണമെന്നും മന്ത്രി നിർദേശിച്ചു. നിലവിൽ രോഗലക്ഷണങ്ങളുമായി ഒരാൾ മാത്രമാണ് ആശുപത്രിയിൽ ചികിത്സയിലുള്ളത്.

*

******************

***************************************************